**പെൻഷൻ**

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെയും 2009-ലെ പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരവും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവുമാണ് കേരള പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിക്കുന്നത്.

## നിർദ്ദേശങ്ങൾ

- **പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് പെൻഷന് അർഹത നേടുന്ന തീയതി വരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്കാണ് പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളത്**
- **18 വയസ്സിനും 55 വയസ്സിനുമിടയിൽ അംഗത്വമെടുക്കുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറക്കും 55 വയസ്സിനും 60 വയസ്സിനുമിടയിൽ അംഗത്വമെടുക്കുന്നവർക്ക് 5 വർഷം പൂർത്തിയാകുന്ന മുറയ്ക്കുമാണ് പെൻഷന് അർഹയുള്ളത്.**
- **പെൻഷന് അപേക്ഷിക്കുന്നതിനായി pravasikerala.org എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് താഴെപ്പറയുന്ന രേഖൾ അപ്ലോഡ് ചെയ്യേണ്ടതാണ്.**

1. **അപേക്ഷകന്റെ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ (maximum size 50kb , file type : jpg/jpeg/gif/png)**
2. **അപേക്ഷകന്റെ ഒപ്പ് (maximum size 50kb , file type : jpg/jpeg/gif/png)**
3. **ജനന തീയതി തെളിയിക്കുന്ന രേഖ (maximum size 50kb , file type : jpg/jpeg/gif/png)**
4. **അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് രേഖ (maximum size 150kb , file type : jpg/jpeg/gif/png)**
   **അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് രേഖയിലെ പേരും അംഗത്വ കാർഡിലുള്ള പേരും വ്യത്യാസമുണ്ടെങ്കിൽ One and the Same certificate കൂടി അപ്ലോഡ് ചെയ്യേണ്ടതാണ്.**
5. **അപേക്ഷകന്റെ നോമിനിയുടെ ഒപ്പോടുകൂടിയ സമ്മതപത്രം (maximum size 150kb , file type : jpg/jpeg/gif/png)**

**അപ്ലോഡ് ചെയ്യുന്ന പകർപ്പുകളിൽ എന്തെങ്കിലും കൃത്രിമം ഉള്ളതായി കണ്ടെത്തിയാൽ പെൻഷൻ റദ്ദ് ചെയ്യുന്നതും ബോർഡ് നിഷ്കർഷിക്കുന്ന പ്രകാരവുമുള്ള നിയമ നടപടികൾക്ക് വിധേമാകേണ്ടതുമാണ്.**

<u>**അപേക്ഷന്റെ നോമിനി/അവകാശി നൽകുന്ന സമ്മതപത്രം**</u>

കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗമായ ശ്രീ./ശ്രീമതി.......................... യുടെ/ന്റെ കാലശേഷം ലഭിക്കുന്ന അല്ലെങ്കിൽ കൈപ്പറ്റുന്ന പെൻഷൻ തുക കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലേക്ക് ഒരു മാസത്തിനുള്ളിൽ മടക്കി നൽകികൊള്ളാമെന്നും അപേക്ഷകന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അയച്ചുതരാമെന്നും ചുവടെ ഒപ്പുവയ്ക്കുന്നശ്രീ./ശ്രീമതി.................................. ആയ ഞാൻ ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

സ്ഥലം :

തീയതി :

നോമിനി/ അവകാശിയുടെ ഒപ്പ് :

അപേക്ഷകനുമായുള്ള ബന്ധം :

പേര് :

പൂർണ്ണമേൽവിലാസം :

ഫോൺനമ്പർ :

ഇ-മെയിൽ അഡ്രസ്സ് :

.